LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15-ൽ ആകെ 34784 ഗ്രോബാഗ് യൂണിറ്റുകളാണ് കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ കൃഷി വകുപ്പിന്റെ ഫാമുകൾ മുഖേനയും തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേനയും വയനാട്, കോഴിക്കോട് ജില്ലകളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള മുഖേനയാണ് ഗ്രോബാഗുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നത്. എറണാകുളം ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള, കൃഷി വകുപ്പ് ഫാമുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, KAICO എന്നിവ മുഖേന ഗ്രോബാഗുകൾ തയ്യാറാക്കിനൽകുന്നു. ഗ്രോബാഗ് യൂണിറ്റുകൾ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് ജനങ്ങൾക്ക് സ്ഥലത്തെ കൃഷി ഭവനെ സമീപിച്ച് അപേക്ഷ നൽകാവുന്നതാണ്.

(സി) ഒരു യൂണിറ്റിൽ 25 ഗ്രോബാഗുകൾ ഉണ്ടായിരിക്കും. പോട്ടിംഗ് മിശ്രിതം നിറച്ച് വിവിധ ഇനം പച്ചക്കറി തൈകൾനട്ട് പരിപാലിച്ചാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. 2000 രൂപ വില വരുന്ന ഒരു ഗ്രോബാഗ് യൂണിറ്റിന് 1500 രൂപ കൃഷി വകുപ്പ് സബ്സിഡിയായി നൽകും. 500 രൂപ കൃഷി ഭവനിൽ അടച്ച് അപേക്ഷ നൽകി കർഷകർക്ക് ഗ്രോബാഗുകൾ വാങ്ങാവുന്നതാണ്.

കൊയിലാണ്ടിയിലെ കൃഷി നാശം

183 (3159) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി മണ്ഡലത്തിലും മറ്റും ഈയടുത്ത ദിവസങ്ങളിൽ കനത്ത മഴയിലും കാറ്റിലും വ്യാപകമായി കൃഷി നാശമുണ്ടായതും കർഷകർക്ക് വലിയ കഷ്ടനഷ്ടങ്ങൾ സംഭവിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊയിലാണ്ടിയിൽ വന്നിട്ടുള്ള കൃഷി നാശത്തെ സംബന്ധിച്ചും കർഷകന് ഉണ്ടായിട്ടുള്ള നഷ്ടത്തെ സംബന്ധിച്ചും നിയമസഭാ സാമാജികരിൽ നിന്നും ബഹു. മന്ത്രിക്ക് നിവേദനം ലഭിക്കുകയുണ്ടായോ ;

(സി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൃഷി ഭവനുകളിൽ നാശനഷ്ടം സംബന്ധിച്ച് സ്ഥിതി വിവര കണക്കും നഷ്ടം തിട്ടപ്പെടുത്തിയ കണക്കും ലഭ്യമാണോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) കൃഷി നഷ്ടപ്പെട്ട കർഷകർക്ക് സർക്കാർ സഹായധനം എന്ന് ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൃഷിനാശം സംബന്ധിച്ച സ്ഥിതിവിവര കണക്കും കർഷകർക്കുണ്ടായ നഷ്ടത്തിന്റെ കണക്കും അനുബന്ധമായി ചേർക്കുന്നു.*

(ഇ) കർഷകരുടെ നഷ്ടത്തിന്റെ കൃത്യമായ കണക്കുകൾ കൃഷി ഭവനുകൾ മുഖേന തയ്യാറാക്കിവരുന്നു. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. പ്രസ്തുത ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

അട്ടപ്പാടിയിൽ കൃഷി വകുപ്പ് ചെലവഴിച്ച തുക

184 (3160) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് അട്ടപ്പാടിയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ആദിവാസികൾക്കായി എത്ര രൂപ ചെലവഴിച്ചു ;

(സി) ഓരോ പദ്ധതിക്കും ഓരോ ഊരിലും ചെലവഴിച്ച തുക എത്രയെന്നും ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly